Page 1 of 1

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അതിനാണ് ഞാൻ മറുപടി പറഞ്ഞത്. അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടായിരുന്നില്ല.

## XIV റൂളിംഗ്

മി. സ്പീക്കർ: 2013-ലെ കേരള മുനിസിപ്പിലാറ്റി (ഭേദഗതി) ബില്ലിന് ശ്രീ. എ. കെ. ബാലൻ ഉന്നയിച്ചിരിക്കുന്ന തടസ്സവാദം പ്രസ്തുത ബില്ലിലെ ഖണ്ഡം 3-ഉം 4-ഉം ഭരണഘടനയ്ക്ക് വിരുദ്ധമാണെന്നതാണ്. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിലെ 235-ാം വകുപ്പിലാണ് ഭേദഗതി വരുത്തിയിട്ടുള്ളത്. സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കന്ററിതലം വരെയുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രമുപയോഗിക്കുന്നതുമായ കെട്ടിടങ്ങളും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളും വസ്തു നികുതിയിൽ നിന്നും ഈ ഭേദഗതി മൂലം ഒഴിവാക്കിയിട്ടുണ്ട്. ഇതിനകം തന്നെ പൊതു ആരാധനയ്ക്കായി നീക്കിവച്ചിട്ടുള്ള കെട്ടിടങ്ങൾ, മതപഠനശാലകൾ, സർക്കാർ വകയോ എയ്ഡഡോ സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ സ്ഥാപന ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങളും പ്രസ്തുത സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളും വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ട്. പൊതുതാല്പര്യം പരിഗണിച്ച് ചില സ്ഥാപനങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കുവാനുള്ള അവകാശം സർക്കാരിൽ നിക്ഷിപ്തമാണ്. ഈ സാഹചര്യത്തിൽ ഇപ്പോൾ കൊണ്ടുവന്ന ഭേദഗതി ഭരണഘടനാ വിരുദ്ധമാണെന്ന ശ്രീ. എ. കെ. ബാലന്റെ തടസ്സവാദം നിലനിൽക്കുന്നില്ല. 97-ാം ഭേദഗതി പ്രകാരം ഭരണഘടനയിൽ കൂട്ടിച്ചേർത്ത അനുച്ഛേദം 43(ബി) അനുസരിച്ച് "The state shall endeavour to promote voluntary formation, autonomous functioning, democratic control and professional management of co-operative societies" എന്നാണ് പറയുന്നത്. ബില്ലിന്റെ ഖണ്ഡം 4 പ്രകാരം സഹകരണ സംഘങ്ങൾക്ക് കള്ള് ഷാപ്പ് നടത്താൻ അവകാശം ഹനിക്കപ്പെടുമെന്ന ശ്രീ. എ. കെ. ബാലന്റെ വാദം മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ നിലനിൽക്കുന്നതല്ല. ആയതിനാൽ പ്രസ്തുത തടസ്സവാദവും തള്ളുന്നു. അങ്ങേക്ക് ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

## നിയമനിർമ്മാണകാര്യം (തുടർച്ച)

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശസ്വയം ഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി(ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly